# Athmaraksha.org

വ്യക്തിപരമായ പ്രാർത്ഥനകൾ

## പ്രഭാത പ്രാർത്ഥന-Morning




### പ്രഭാത പ്രാർത്ഥന

സ്നേഹമുള്ള ഈശോയേ, അങ്ങു തന്ന ഈ പ്രഭാതത്തിന്റെ ആദ്യ നിമിഷങ്ങളിൽ ഞാൻ അങ്ങയെ സ്നേഹിക്കുന്നു, സ്തുതിക്കുന്നു, ആരാധിക്കുന്നു. കഴിഞ്ഞ രാത്രിയിൽ അങ്ങു നല്കിയ അനുഗ്രഹങ്ങൾക്ക് ഞാൻ നന്ദി പറയുന്നു. എന്റെ ശരീരവും ആത്മാവും എന്റെ എല്ലാ കഴിവുകളും ഇന്നത്തെ എന്റെ പ്രവൃത്തികളും, പ്രാർത്ഥനകളും, സന്തോഷങ്ങളും, സങ്കടങ്ങളും, വിചാരങ്ങൾ പോലും പരിശുദ്ധ മറിയത്തിന്റെ വിമലഹൃദയം വഴി, എന്റെ പ്രത്യേക മദ്ധ്യസ്ഥരായ വിശുദ്ധരുടെ യോഗ്യതകളോടുകൂടെ, അങ്ങേയ്ക്കു സമർപ്പിക്കുന്നു.

എന്റെ എല്ലാ ഉദ്യമങ്ങളേയും അങ്ങ് ആശീർവദിക്കണമേ. പ്രവൃത്തികളെ അങ്ങ് നിയന്ത്രിക്കണമേ. അങ്ങേ തിരുരക്തത്തിൽ പൊതിഞ്ഞ് എന്നെ സൂക്ഷിക്കണമേ. അങ്ങേ സ്നേഹത്തിൽ നിന്ന് ഒരു ശക്തിക്കും എന്നെ അകറ്റാൻ കഴിയാതിരിക്കട്ടെ. ഞാനിന്നു ബന്ധപ്പെടുന്ന എല്ലാവരിലും അങ്ങയുടെ സ്നേഹം പകർന്നുകൊടുക്കുവാൻ കൃപ തരണമേ. ഞാൻ കാണുന്ന എല്ലാറ്റിനെയും അങ്ങ് ആഗ്രഹിക്കുന്നതു പോലെ കാണുവാൻ സാധിക്കട്ടെ. ഞാനിന്നു മരിക്കുവാൻ അങ്ങ് തിരുമനസ്സാകുന്നെങ്കിൽ അങ്ങേ തിരുമുഖം കാണുവാൻ എനിക്കിടയാക്കണമേ.

സ്നേഹമുള്ള ഈശോയേ, എന്റെ മാതാപിതാക്കളെയും സഹോദരീസഹോദരന്മാരെയും സ്നേഹിതരേയും ഉപകാരികളെയും എന്റെ പ്രാർത്ഥന ആഗ്രഹിക്കുന്ന ഏവരെയും അങ്ങ് അനുഗ്രഹിക്കണമേ. അവരെയെല്ലാം അങ്ങയോടുള്ള ഐക്യത്തിൽ സദാ കാത്തുകൊള്ളണമേ. ആദ്ധ്യാത്മികവും ശാരീരികവുമായ അനുഗ്രഹങ്ങൾ അവർക്കു നല്കണമേ. വേദനയിൽ സഹനശക്തിയും അപകടങ്ങളിൽ ധൈര്യവും രോഗത്തിൽ ശാന്തിയും പ്രയാസങ്ങളിൽ സന്തോഷവും കൊടുത്തനുഗ്രഹിക്കണമേ.

ശുദ്ധീകരണസ്ഥലത്തിലെ ആത്മാക്കൾക്ക നിത്യശാന്തി നല്കണമേ. ഇന്ന മരിക്കാനിരിക്കുന്നവർക്ക് അങ്ങയുടെ സ്നേഹത്തിന്റെ ശക്തി കാണിച്ചുകൊടുക്കേണമേ. പ്രലോഭനങ്ങളിൽ അകപ്പെടുന്നവർക്ക് കരുണയും പുണ്യജീവിതം നയിക്കുന്നവർക്ക് സ്ഥിരതയും കൊടുക്കേണമേ. സഭയെയും രാഷ്ട്രത്തെയും അനുഗ്രഹിക്കണമേ.

എന്റെ കാവൽമാലാഖയേ, ദൈവത്തിന്റെ കൃപയാൽ അങ്ങേക്ക ഏല്പിക്കപ്പെട്ടിരിക്കുന്ന എന്നെ, ഈ ദിവസം മുഴുവനും സ്നേഹപൂർവ്വം കാത്തുസൂക്ഷിക്കുകയും നിരന്തരം പരിപാലിക്കുകയും ചെയ്യേണമേ. ആമ്മേൻ.

OR

## പ്രഭാത പ്രാർത്ഥന

കർത്താവായ ദൈവമേ സൃഷ്ടികളെല്ലാം ആനന്ദപൂർവം നിന്നെ സ്തുതിച്ചാരാധിക്കുന്നു. എന്തെന്നാൽ അനന്തവും അഗ്രാഹ്യവുമായ കാരുണ്യത്താൽ നീ അവയെ സൃഷ്ടിക്കുകയും അത്ഭുതകരമായി പരിപാലിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. കർത്താവേ, നിന്റെ പരിപാലന എത്രയും സ്തുത്യർഹമാകുന്നു. നിന്നിൽ ആശ്രയിക്കുകയും നിന്റെ തിരുനാമം വിളിച്ചപേക്ഷിക്കുകയും ചെയ്യുന്നവർ ഒരിക്കലും നിരാശരാവുകയില്ല. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ ! ആമ്മേൻ

## ഉദയഗീതം

പുലരിയിൽ നിദ്രയുണർന്നങ്ങേ
പാവന സന്നിധിയണയുന്നു
കർത്താവേ, നിൻ കരുണയ്ക്കായ്
നന്ദി പറഞ്ഞു നമിക്കുന്നു.

മാനുജകുലത്തിൻ പാലകനേ
വിനയമൊടങ്ങയെ വാഴ്ത്തുന്നു
കൃപയും ശാന്തിയനുഗ്രഹവും
പാപപ്പൊറുതിയുമരുളണമേ

കരളിൽ നിരാശനിറയ്ക്കരുതേ
കൃപയുടെ വാതിലടയ്ക്കരുതേ
കാക്കും കൈകൾ വലിക്കരുതേ
കരുണവെടിഞ്ഞു വിധിക്കരുതേ

പുതിയ ദിനത്തിൻ പാതകളിൽ
പാപികൾ ഞങ്ങളിറങ്ങുന്നു
വിനകളിൽ വീഴാതഖിലേശാ
കൈകൾ പിടിച്ചു നടത്തണമേ

അനുതാപത്താലെൻ നയനം
നനയുന്നെങ്കിലുമനുനിമിഷം
പെരുകി വരുന്നു പാപങ്ങൾ

കരുണക്കടലേ, കനിയണമേ

കണ്ണുകൾ നിന്നിലുറപ്പിച്ചെൻ
ദിനകൃത്യങ്ങൾ തുടങ്ങുന്നേൻ
വീഴാതെന്നെ നയിക്കണമേ
വിജയനുഗ്രഹമേകണമേ

നാഥാ, നിൻ സുവിശേഷത്തിൻ
പാരമിടുങ്ങിയ പാതകളിൽ
സിദ്ധന്മാരുടെ കാൽപാടിൽ
തെറ്റാതെന്നെ നയിക്കണമേ

ദൈവപിതാവിൻ സൗഹൃദവും
സുതരുടെ കൃപയുമനുഗ്രഹവും
ദൈവാത്മാവിൻ പ്രീതിയുമെൻ
വഴിയിൽ വിശുദ്ധി വിരിക്കട്ടെ

## സമാപന പ്രാർത്ഥന

കാരുണ്യവാനായ ദൈവമേ, നിന്റെ നാമം പരിശുദ്ധമാകുന്നു. ഒരിക്കൽകൂടി പ്രഭാതം കാണുവാൻ ഭാഗ്യം ലഭിച്ച ഞങ്ങളെല്ലാവരെയും സമൃദ്ധമായി അനുഗ്രഹിക്കേണമേ. പീഡയനുഭവിക്കുന്നവരെ ആശ്വസിപ്പിക്കുകയും രോഗികൾക്കു സുഖം നൽകുകയും ദരിദ്രരെ സംരക്ഷിക്കുകയും ചെയ്യേണമെ. പാപികൾക്കു പശ്ചാത്താപവും മരിച്ചവർക്ക് സ്വർഗ്ഗഭാഗ്യവും നീതിമാന്മാർക്കു സന്തോഷവും പ്രദാനം ചെയ്യേണമെ. ഇന്നത്തെ ഞങ്ങളുടെ സകല പ്രവർത്തനങ്ങളും നിന്റെ മഹത്വത്തിനായി ഞങ്ങൾ കാഴ്ചവയ്ക്കുന്നു. ആത്മീകവും ശാരീരികവുമായ എല്ലാ ആപത്തുകളിൽ നിന്നും ഞങ്ങളെ രക്ഷിക്കണമെ. നിന്നിൽ നിന്ന് ഒരു നിമിഷം പോലും വേർപിരിയാൻ ഞങ്ങളെ അനുവദിക്കരുതേ. നിന്റെ പൈതൃകമായ പരോപലനായിൽ ഞങ്ങൾ ഇന്നും എന്നും ജീവിക്കുന്നതിന് കൃപ ചെയ്യേണമെ. ഇപ്പോഴും ഏപ്പോഴും എന്നേയ്ക്കും ആമ്മേൻ.

## പരിശുദ്ധാത്മാവേ...ഗാനം

പരിശുദ്ധാത്മാവേ നീ എഴുന്നള്ളി
വരണമേ എന്റെ ഹൃദയത്തിൽ
ദിവ്യദാനങ്ങൾ ചിന്തി എന്നുള്ളിൽ
ദൈവസ്നേഹം നിറയ്ക്കണേ.

സ്വർഗ്ഗവാതിൽ തുറന്നു ഭൂമിയിൽ
നിർഗ്ഗളിയ്ക്കും പ്രകാശമേ!
അന്ധകാരവിരിപ്പു മാറ്റീടും ചന്തമേറുന്ന ദീപമേ!
കേഴുമാത്മാവിൽ ആശവീശുന്ന
മോഹന ദിവ്യഗാനമേ!

വിണ്ടുണങ്ങിവരണ്ട മാനസം കണ്ട വിണ്ണിൻ തടാകമേ!
മന്ദമായ് വന്നു വീശി ആനന്ദം തന്ന പൊന്നിളം തെന്നലേ!

രക്തസാക്ഷികൾ ആഞ്ഞുപുൽകിയ
പുണ്യജീവിതപാത നീ

## തിരുവചനം

പ്രഭാതത്തിൽ ഉണർന്ന് അവിടുത്തെ അന്വേഷിക്കുന്നവനു കൃപ ലഭിക്കും (പ്രഭാഷകൻ 32 : 14).

പ്രഭാതത്തിൽ അങ്ങയുടെ കാരുണ്യംകൊ ു ഞങ്ങളെ സംതൃപ്തരാക്കണമേ! ഞങ്ങളുടെ ആയുഷ്കാലം മുഴുവൻ ഞങ്ങൾ സന്തോഷിച്ചുല്ലസിക്കട്ടെ (സങ്കീർത്തനങ്ങൾ 90:14).

കർത്താവേ, പ്രഭാതത്തിൽ അങ്ങ്എന്റെ പ്രാർഥന കേൾക്കുന്നു; പ്രഭാതബലി ഒരുക്കി ഞാൻ അങ്ങേക്കായി കാത്തിരിക്കുന്നു (സങ്കീർത്തനങ്ങൾ 5:3)

+++